**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7536** **17.7.2012-ൽ മറുപടിക്ക്**

**മാലിന്യ സംസ്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ. ബേബി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പരിസര ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണത്തിനായി ഏതെങ്കിലും പദ്ധതികളോ പ്രചാരണങ്ങളോ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) & ബി) പരിസര ശുചിത്വം, മാലിന്യ സംസ്കരണം, തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 2011 ഒക്ടോബർ 2 മുതൽ ഒരു വർഷം നീണ്ടുനില്ക്കുന്ന "ശുചിത്വ കേരളം" പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ; | |
| സി) മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബയോഗ്യാസ് പ്ലാന്റുകൾക്ക് നിലവിൽ നൽകുന്ന സബ്സിഡി ആനുകൂല്യം പ്രസ്തുത പ്ലാന്റുകളുടെ വിലവർദ്ധിപ്പിക്കലിലൂടെ ഏജൻസികൾ നടത്തുന്ന ചൂഷണത്തിനെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | സി) 2010 ലെ കമ്പോള നിരക്കിനനുസരിച്ചാണ് ഉറവിടമാലിന്യ സംസ്കരണത്തിന് ഉപയോഗപ്പെടുത്തുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ വില കണക്കാക്കിയിരുന്നത്. ഈ വിലയുടെ അടിസ്ഥാനത്തിൽ 2012 ലും ടി പ്ലാന്റുകൾ സ്ഥാപിക്കുക എന്നത് പ്രായോഗികമല്ല എന്ന് കണ്ട സാഹചര്യത്തിലാണ് വില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരുന്നത്. വീടുകൾക്ക് അനുയോജ്യമായ 1/2 ക്യൂബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന്റെ വില 6500 രൂപ എന്നത് 30 ശതമാനം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന സംസ്കരണ യൂണിറ്റുകളുടെ നിരക്ക് വർദ്ധിപ്പിക്കാനുള്ള വിശദാംശങ്ങൾ ശുചിത്വമിഷൻ തയ്യാറാക്കി വരുന്നു. പുതുക്കിയ വില അംഗീകരിച്ചു കഴിഞ്ഞാൽ അവ പൊതുജനങ്ങളെ അറിയിക്കുകയും അതിലുള്ള ചൂഷണം ഒരു പരിധിവരെ തടയാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ